**പതിമൂന്നാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2655 — 14.02.2013-ൽ മറുപടിയ്ക്ക്

**കമ്പനികൾ മരുന്നുകൾക്ക് ഈടാക്കുന്ന അമിതവില**

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി. പി. അയിഷാ പോറ്റി<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ)കമ്പനികൾ മരുന്നിന് അമിതവില ഈടാക്കുന്ന വിവരം നിയമസഭയിൽ ഉറപ്പ് നൽകിയ പ്രകാരം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവോ; പകർപ്പ് നൽകുമോ ; | (എ)& (ബി)<br>ഈ വിഷയം ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്. കോടതി സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം ആരായുമ്പോൾ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ബഹുമാനപ്പെട്ട സുപ്രീംകോടതിയെ അറിയിക്കുന്നതാണ്. |
| (ബി)ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാടെന്തായിരുന്നു എന്നറിയിക്കാമോ ; | |
| (സി) കേന്ദ്ര സർക്കാരിന്റെ ഔഷധവില നയമാണ് വിലക്കയറ്റത്തിനു കാരണമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ, ഇത് തിരുത്താനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ? | (സി) നിലവിൽ 74 മരുന്നുകളും അവയുടെ വിവിധ കോംബിനേഷനുകളുമാണ് എൻ പി. പി. എ.യുടെ വിലനിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പുതിയ ഔഷധ വില നയം (നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് പോളിസി 2012 ) നിലവിൽ വരുന്നതോടെ ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെ എതാണ്ട് 348 മരുന്നുകളുടെയെങ്കിലും വിലയിൽ നിയന്ത്രണം കൊണ്ടു വരാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടുതൽ മരുന്നുകൾ വില നിയന്ത്രണത്തിന്റെ പരിധിയിൽ വരുന്നതിനാൽ മരുന്നുകളുടെ വില ഗണ്യമായി കുറയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ